# കേരള സർവകലാശാല

നം. പി.ആർ.128/2017

ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.കോം സൂക്ഷ്മപരിശോധന വിദ്യാർത്ഥികൾ ഹാജരാകണം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.കോം പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കായി ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഇ.ജെ ടു സെക്ഷനിൽ ജൂൺ 14 മുതൽ 24 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ നേരിൽ ഹാജരാകേണ്ടതാണ്. ഫോൺ: 0471-2386457.

### മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ബി.ബി.എ ഡിഗ്രി കോഴ്സിന്റെ നാലാം സെമസ്റ്റർ പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ (കൊല്ലം ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജ്, ചേർത്തല എസ്.എൻ കോളേജ്, തിരുവനന്തപുരം പാളയം എസ്.ഡി.ഇ) നിന്നും കൈപ്പറ്റാവുന്നതാണ്.

### കേരള സർവ്വകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം-2017
### കമ്മ്യൂണിറ്റി ക്വാട്ട

കേരള സർവ്വകലാശാലയുടെ 2017-18 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷിച്ചവരുടെ റാങ്ക്ലിസ്റ്റ് ജൂൺ 20-ന് ബന്ധപ്പെട്ട കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. പരാതി ഉള്ളവർ ജൂൺ 24 വൈകുന്നേരം 5 മണിക്കു മുൻപ് രേഖാമൂലം പരാതി ബന്ധപ്പെട്ട പ്രിൻസിപ്പലിനെ അറിയിക്കണം. പരാതികൾ പരിഗണിച്ച് തീർപ്പാക്കിയ ശേഷം റാങ്ക്ലിസ്റ്റ് ജൂൺ 2-6ന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. ജൂലൈ 01-ാം തീയതി മുതൽ കോളേജുകളിൽ പ്രവേശനം നേടാം.

### കേരള സർവ്വകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം-2017
### സ്പോർട്സ് ക്വാട്ട

കേരള സർവ്വകലാശാലയുടെ 2017-18 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിൽ സ്പോർട്സ് ക്വാട്ടയിൽ അപേക്ഷിച്ചവരുടെ റാങ്ക്ലിസ്റ്റ് ജൂൺ 19-ന് ബന്ധപ്പെട്ട കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. പരാതി ഉള്ളവർ ജൂൺ 24-ന് വൈകുന്നേരം 5 മണിക്കു മുൻപ് രേഖാമൂലം പരാതി ബന്ധപ്പെട്ട പ്രിൻസിപ്പലിനെ അറിയിക്കണം. പരാതികൾ പരിഗണിച്ച് തീർപ്പാക്കിയ ശേഷം റാങ്ക്ലിസ്റ്റ് ജൂൺ 26-ന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. ജൂലൈ-01 മുതൽ കോളേജുകളിൽ പ്രവേശനം നേടാം.

## കേരള സർവ്വകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം-2017
## മാനേജ്മെന്റ് ക്വാട്ട ലിങ്ക്

കേരള സർവ്വകലാശാലയുടെ 2017-18 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷനുള്ള ലിങ്ക് ജൂൺ 26 മുതൽ വെബ്സൈറ്റിൽ ലഭ്യമാകും. ഒരു പ്രാവശ്യം ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും രജിസ്ട്രേഷൻ നടത്തേണ്ടതില്ല. ആദ്യത്തെ ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് തന്നെ മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിനും ഉപയോഗിക്കാവുന്നതാണ്.

## ബി.എ മ്യൂസിക് ഒന്നാം വർഷ ബിരുദ പ്രവേശനം-2017

കേരള സർവ്വകലാശാല ഒന്നാം വർഷ ബി.എ മ്യൂസിക്കിന് പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും ജൂൺ 15-ന് വൈകുന്നേരം 5 മണിക്കു മുൻപ് അതത് കോളേജുകളിൽ സമർപ്പിക്കണം. അഭിരുചി പരീക്ഷകൾ നീറമൺകര എൻ.എസ്.എസ് കോളേജിൽ ജൂൺ 21 നും കൊല്ലം എസ്.എൻ വനിതാ കോളേജിൽ ജൂൺ 22 നും തിരുവനന്തപുരം വഴുതക്കാട് ഗവൺമെന്റ് വനിതാ കോളേജിൽ ജൂൺ 23 നും നടത്തും. ജൂൺ 24-ന് റാങ്ക് ലിസ്റ്റ് അതത് കോളേജുകളിൽ പ്രസിദ്ധപ്പെടുത്തും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിനെ സമീപിക്കണം.

## KMAT KERALA പരീക്ഷ തീയതി മാറ്റി

സർവകലാശാലകളുടേയും എം.ബി.എ കോളേജുകളുടേയും അപേക്ഷാർത്ഥി കളുടേയും അഭ്യർത്ഥന മാനിച്ചും സർവകലാശാലകൾ ഡിഗ്രി പരീക്ഷ ഫലം പുറപ്പെടുവിക്കുന്നതിൽ വരുന്ന കാലതാമസവും കണക്കിലെടുത്ത് കൂടുതൽ അവസരങ്ങൾ എം.ബി.എ 2017-18 പ്രവേശനത്തിനപേക്ഷിക്കുന്ന വിദ്യാർത്ഥി കൾക്ക് നൽകുന്നതിന്റെ ഭാഗമായി ജൂൺ 11-ലെ KMAT KERALA പരീക്ഷ ജൂലൈ രണ്ടിലേക്ക് (രാവിലെ 10 മണി മുതൽ 12.30വരെ) മാറ്റി. അപേക്ഷാർത്ഥികൾ കൂടുതൽ ഉള്ള ജില്ലകളിൽ പരീക്ഷ കേന്ദ്രങ്ങൾ അധികം നൽകും. അപേക്ഷി ക്കേണ്ട അവസാന തീയതി ജൂൺ 20 വൈകിട്ട് അഞ്ച് മണി വരെയാണ്. വിശദ വിവരങ്ങൾക്ക് kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471-2335133, 8547255133.

## ബി.എസ്സി ഇലക്ട്രോണിക്സ് ഫലം

കേരള സർവ്വകലാശാല 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി. എസ്സി ഇലക്ട്രോണിക്സ് (2013, 2014 അഡ്മിഷൻ- സപ്ലിമെന്ററി, 2015 അഡ്മിഷൻ - റഗുലർ) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സൗജന്യ യോഗ ക്ലാസ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിന്റെ ആഭിമുഖ്യ ത്തിൽ അന്തർദേശീയ യോഗാദിനത്തോടനുബന്ധിച്ച് ജൂൺ 14 മുതൽ 21 വരെ രാവിലെ ആറ് മണി മുതൽ ഏഴ് മണി വരെ പൊതുജനങ്ങൾക്കായി മ്യൂസിയം

റേഡിയോ പാർക്കിൽ സൗജന്യ യോഗാ ക്ലാസ് നടത്തും. താൽപര്യമുള്ളവർ ഫോൺ: 7907051697 എന്ന നമ്പറിൽ ബന്ധപ്പെടുക.

തിരുവനന്തപുരം.
12.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**